## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2759  20.07.2011 ൽ മറുപടിയ്ക്ക്

### ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എത്ര രൂപ ചെലവ് വരുന്നുണ്ട് ; | എ. 2009-10 ലെ കണക്കുകൾ പ്രകാരം ഒരു യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് കെ.എസ്.ഇ.ബോർഡിന് ശരാശരി 76 പൈസ ചെലവാകുന്നുണ്ട്. |
| ബി. ജലവൈദ്യുത പദ്ധതികളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഒരു യൂണിറ്റിന് എത്ര ചെലവ് വരുന്നുണ്ട് ; | ബി. 2009-10 ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബോർഡിന്റെ ജലവൈദ്യുത പദ്ധതികളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഒരു യൂണിറ്റിന് ശരാശരി 15 പൈസ ചെലവാകുന്നുണ്ട്. |
| സി. പെട്രോളിയം ഉൽപ്പന്നങ്ങളെ ആശ്രയിച്ച് പ്രവർത്തിക്കുന്ന ഉൽപ്പാദന കേന്ദ്രങ്ങൾ കേരളത്തിൽ എവിടെയെല്ലാമാണ് നിലവിലുള്ളത് ; പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് എന്ത് ചെലവു വരും ; | സി. പെട്രോളിയം ഉത്പന്നങ്ങളെ ആശ്രയിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഉത്പാദന കേന്ദ്രങ്ങളും ഇപ്പോഴത്തെ ഇന്ധന വിലയനുസരിച്ച് അവയിൽ നിന്നുള്ള വൈദ്യുതി ഉല്പാദനച്ചിലവ് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ബി.എസ്.ഇ.എസ്., കൊച്ചി | 9.76 രൂപ |
| എൻ.ടി.പി.സി., കായംകുളം | 9.21 രൂപ |
| കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ്, കാസർഗോഡ് | 9.09 രൂപ |
| ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ്, എറണാകുളം | 9.17 രൂപ |
| കോഴിക്കോട് ഡീസൽ പവർ പ്ലാന്റ്, നല്ലളം, കോഴിക്കോട് | 8.91 രൂപ |

കൂടാതെ ബി.എസ്.ഇ.എസ്., കൊച്ചി, എൻ.ടി.പി.സി., കായംകുളം, കാസർഗോഡ് പവർ കോർപ്പറേഷൻ എന്നീ നിലയങ്ങൾക്ക് യഥാക്രമം 7.15 കോടി, 7.78 കോടി, 0.69 കോടി രൂപ വീതം പ്രതിമാസം ഫിക്സഡ് കോസ്റ്റ് ഇനത്തിൽ നൽകി വരുന്നുണ്ട്.

| | |
|---|---|
| ഡി. താരതമ്യേന ചെലവുകുറഞ്ഞ ഊർജ്ജ ഉൽപ്പാദന സംവിധാനമായ ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതി സൗഹാർദ്ദമായി ഏതെല്ലാം കേന്ദ്രങ്ങളിൽ ആരംഭിക്കാം എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | ഡി. സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാനുള്ള ഉചിതമായ പ്രദേശം പശ്ചിമഘട്ടം ഉൾപ്പെട്ട വനമേഖലയാണ്. എന്നാൽ പശ്ചിമഘട്ടവനമേഖല ജൈവസമ്പത്താൽ സമ്പന്നമാണ്. സംസ്ഥാനത്ത് താരതമ്യേന ചെലവ് കുറഞ്ഞ ഊർജ്ജ ഉല്പാദന സംവിധാനമായ ജലവൈദ്യുത പദ്ധതികൾ ഏറെയും വിഭാവനം ചെയ്തിരിക്കുന്നത് പരിസ്ഥിതി സൗഹാർദ്ദവും ജൈവവൈവിദ്ധ്യ സമ്പത്തിന് കോട്ടം തട്ടാതെയുമാണ്. പരിസ്ഥിതിയ്ക്ക് കോട്ടം വരാത്ത ചെറുകിട വൈദ്യുത പദ്ധതികൾ വൈദ്യുതി ബോർഡ് യുദ്ധകാലാടി സ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ